
# പൊഞ്ഞാൽ

മിന്നാമിനുങ്ങ് പുസ്തകമാല നമ്പർ 5

# പൊന്മാൻ

(മൂന്നാം പതിപ്പ്)

no b 16.



(Copy right reserved)

തോമസ് പള്ളിമംഗലം

1952.

Printed at the St. Francis Sales Press,
Kottayam.

# പൊന്മാൻ

(കേക)

മഹതീമഹാന്മാരെ,
സാദരം നമസ്കാരം;
മുതിരുന്നൊരു ഗാന-
പ്രസംഗം ചെയ്യാൻ ഞാനും.

അറിവില്ലായ്കയാലെന്റെ
കഥയിൽവരാവുന്ന
കുറവൊക്കെയും നിങ്ങൾ
സദയം ക്ഷമിക്കേണം.

ii

കാടുകൾ തിങ്ങിക്കൂടും
മലകൾക്കിടയ്ക്കുള്ള
താമരക്കുളമൊന്നാ-
ണെന്നുടെ കഥാരംഗം.

അവിടെക്കാണും കാഴ്ച-
രമണീയമാണേറ്റം:
അതുവർണ്ണനം ചെയ്യാൻ
തെല്ലൊന്നു ശ്രമിക്കട്ടെ.

(നരനായിങ്ങനെ.)

വിരിയും താമര മലരുകൾ തിങ്ങി
വലിയൊരു പൊയ്ക വിലസുന്നു.

തരുണനാം രവി കിരണങ്ങൾപൊന്നിൻ
തരികൾപോലതിൽ വിതറുന്നു.

ഇളയമാരുതൻ രസികഭാവത്തി-
ലിളകിയാടി വന്നണയുന്നു.

കുളിർജലംതിങ്ങും പൊയ്കയിൽ നീല-
ച്ചുളികൾപോലോളമിളകുന്നു.

മൃദുലമോഹനപവനന്റെമുന്നിൽ
മുദമൊടേ പൂക്കൾ കുനിയുന്നു.

ഇതളുകൾതോറും തഴുകുമ്പോൾനല്ല
പുതുമണംതാനേ പൊഴിയുന്നു.

കരിനിറംപൂണ്ട വണ്ടുകൾ— എന്തോ
പരിഭവംപോലെ മുരളുന്നു.

അരിയപൂമൊട്ടിൻ നിരകളും കാലേ
വിരിയുവാൻ വെമ്പിയുഴറുന്നു.

കുയിലിൻഗാനങ്ങളരികിലെ വള്ളി-
ക്കുടിലിൽനിന്നങ്ങോട്ടൊഴുകുന്നു.

വലിയമീനുകൾ ചൊടിയോടേത്തുള്ളി-
പ്പുളയുമ്പോൾവെള്ളം ചിതറുന്നു.

(കേക)

ആരുടെ ഹൃദയവുമാനന്ദഭരിതമായ്
അതീവമീ സരസ്സിന്റെ ഭംഗികൾ നേരേ കണ്ടാൽ.

എങ്കിലു, മട്ടത്തായിച്ചാഞ്ഞൊരു മരക്കൊമ്പിൽ
സങ്കട ഭാവത്തോടേയിരിക്കുന്നൊരു പൊന്മാൻ.

അരികെ ചിലയ്ക്കുന്ന പൊന്മണി ഭർത്താവിൻെറ
ദുരിതംനേരേ പാതികിട്ടുവാൻ ശഠിയ്ക്കുന്നു.

(ഗാഥ)

"പ്രാണനാഥാ ഭവാനീവിധം ദീനനായ്
കേണിരുന്നീടുവാനെന്തുമൂലം?

കോപവും താപവും തീവ്രനൈരാശ്യവും
കോളിളക്കുന്നുനിൻ കണ്ണുകളിൽ.

ശങ്കവേണ്ടോതുവാൻ, സങ്കടമേതിലും
പങ്കുവഹിപ്പവളല്ലയോഞാൻ?

(കേക)

എന്തൊരു സഹതാപം! തെല്ലൊരു സമാശ്വാസം
ചിന്തിടാതിരുന്നില്ലീ വാക്കുകൾ യഥാകാലം.

മനസ്സിൻ വാതിൽ നന്നായ്തുറന്നു പൊന്മാൻവേഗം:
മുൻപോൽ ഗ്രഹിക്കട്ടെ സഹധർമ്മിണി കാര്യം.

പൊന്മണീ, നിന്നോടു ഞാൻതുറന്നോതിടാം
പൊട്ടുമെന്നുള്ളിലെച്ചിന്തകളൊക്കെയും.

എൻമനംപൂവുപോൽ മാർദ്ദവമുള്ളതാ–
ണെന്നുനീ മുന്നമേ കണ്ടറിഞ്ഞില്ലയോ?

ചുററിലുംകാണുമീ ദാരിദ്ര്യപീഡകൾ
ചുട്ടുപൊടിക്കയാണെന്നുടെ ഹൃത്തടം.

കണ്ണുനീതെല്ലുതുറന്നു നോക്കീടുകിൽ
കണ്ടിടാംനാലുപാടുംവെറും പട്ടിണി.

പഞ്ചസംഗീതങ്ങളെത്രനാളായി നാം
പാടുന്നുകേൾക്കുവാനാരുമില്ലെങ്കിലും.

കാരിരുമ്പാണെന്നാം പാർത്തിടുംപാരിടം
കണ്ണുനീർകൊണ്ടതു തെല്ലുമലിഞ്ഞിടാ.

നേരംവെളുത്തിട്ടു നാഴികയെത്രയായ്
നമ്മൾക്കിതേവരെ ഭക്ഷണംകിട്ടിയോ?

താഴോട്ടുനോക്കുനീ പൊയ്കയിലങ്ങതാ
വാഴുന്നുദേഹംമെഴുത്തുള്ള മീനുകൾ.

നമ്മളെപ്പട്ടിണിക്കിട്ടുകൂത്താടുവോ—
രിമ്മഹാദ്രോഹികളെന്നു നീയോർക്കണം.

നിത്യവുംകൊച്ചുമീൻ തിന്നുമുടിക്കയാൽ
നമ്മളെച്ചൂഷണം ചെയ്യുവോരാണിവർ.

കേളിയുംവേട്ടയുമല്ലാതെ മറ്റൊരു
ജോലിയുംചെയ്യാതെ വാഴുകയാണിവർ.

ഇച്ഛപോലിഗ്ഗണം തിന്നുമദിയ്ക്കവേ
പിച്ചതെണ്ടുന്നുനാം തോടുകൾതോറുമേ.

തൊണ്ടവരണ്ടുനാം മിണ്ടുവാനാകാതെ—
യിണ്ടൽപൂണ്ടെപ്പൊഴും കേഴുമീവേളയിൽ

തേൻകുടിച്ചെത്രയും മത്തനായങ്ങതാ
തെന്നിമറിഞ്ഞിടും വണ്ടിനെക്കണ്ടുവോ?

തക്കമാണെന്നുകണ്ടപ്പൊഴുമെപ്പൊഴും
പൂക്കളിലൊക്കെയും കേറിയിറങ്ങിയും
പൂമ്പൊടി പൂശിയും പാട്ടുകൾപാടിയും
പൊയ്കയിൽ ചുററിനടക്കുകയാണവൻ.

വീണുനാംപട്ടിണിപ്പാതാളവായതിൽ
താണുതാണാശകൾ മങ്ങിഞെരുങ്ങവേ
പ്രാണൻപിടയ്ക്കുമീ നമ്മുടെമുന്നിലായ്
നാണമില്ലാതിവൻ വീണവായിക്കയോ?

കൊള്ളരുതായ്കകളിത്തരമെങ്ങനെ
കണ്ടുസഹിച്ചിടും ചൊൽക നീയോമലേ.
ആടിയാടിക്കുഴഞ്ഞങ്ങതാ പൊയ്കയിൽ
മോടിയായ് വാഴുന്ന പൂക്കളെനോക്കുനീ.

പൊയ്കതന്നോമനക്കുട്ടികളാണവ—
ക്കല്ലലും വാട്ടവുമില്ലൊരുതെല്ലുമേ.
ഉള്ളറയ്ക്കുള്ളിലിപ്പൊയ്കയാം രാക്ഷസി—
ക്കുണ്ടൊരുപത്തായമെത്രയും വിസ്തൃതം.

പാരംവിശിഷ്ടമാം ഭോജനദ്രവ്യങ്ങൾ—
വാരിയാൽത്തീരാത്തരീതിയിലുണ്ടതിൽ.
അമ്മയാംപൊയ്കവിളമ്പിടും ഭക്ഷണ—
മാഗ്രഹംപോലെതിന്നുല്ലസിച്ചിങ്ങനെ

നൃത്തമാടുന്നതും മററുംനിനയ്ക്കുകി—
ലെത്രയുംഹീനമാം കൃത്യങ്ങളല്ലയോ?

പൊള്ളയാണിക്കളിക്കൂത്തുകളെങ്കിലും
പാരിടംപാടേമയങ്ങുമിക്കാഴ്ചയിൽ.

സൂര്യന്റെരശ്മിയാം തങ്കനൂലിൽപിടി-
ച്ചൂർന്നുവന്നെത്തുന്ന പൊന്നിൻകിനാവുകൾ

നെററിമേൽചുംബിച്ചു ചുററിപ്പറക്കവേ
മററൊരു ചിന്തയിപ്പൂക്കളിൽചേരുമോ?

പൂമേനിയൊന്നുപോൽ കോരിത്തരിക്കുമാ-
റാമോദമായിട്ടമാഴിയിൽമുങ്ങവേ

തൂവലിൽപ്പട്ടടത്തീപിടിച്ചാകവേ
വേവുന്നനമ്മളെയിക്കൂട്ടരോർക്കുമോ?

ചുട്ടകണ്ണീർക്കണം മാത്രംനുണഞ്ഞുനാം
പട്ടിണിച്ചീട്ടുപോലെന്നും പറക്കണോ?

ഊഴിയിൽ മേലിലും നീതികേടിത്തരം
വാഴവാനൊട്ടുമേ സമ്മതിക്കില്ല ഞാൻ

നാട്ടിലെ കഷ്ടത സർവ്വവും തീർത്തുടൻ
നാകലോകത്തിനു തുല്യമായ് തീർക്കണം.

(താരാട്ട്)

ഇങ്ങനെ പൊന്മാൻ പറഞ്ഞു; പിന്നെ-
പ്പൊന്മണിയേവം മൊഴിഞ്ഞു.

“ഞങ്ങളു ചൊല്ലിയതെല്ലാം—നല്ല
സംഗതി സംശയമില്ല.

ചൂഷണം പോവുകവേണം—ചേരും
പോഷണമേവർക്കും വേണം.

നീതി നടക്കണം നാട്ടിൽ—പിന്നെ
ശാന്തത ചേരണം വീട്ടിൽ.

(കുറത്തി)

വിരുത്തുകൂട്ടമെൻ കണ്മണിതിന്നായ്
കരുതിവച്ചുമാസൂത്രം;
അറിഞ്ഞുകൊള്ളുവാൻ പെരിയൊരാഗ്രഹം;
പറയുകെന്നോടുമാത്രം.

(കേക)

അടങ്ങില്ലവൾ കാര്യം ഗ്രഹിക്കാതിനിയേതും;
അതിനാലിതാ പൊന്നാൻ 'സൂത്രവും' പറയുന്നു.

(കാകളി)

ദീനദയാലുവായ് 'കാലു'നെന്നുണ്ടൊരു
മാന്യനാം ചങ്ങാതി, വേടൻ മഹാശയൻ.

മത്സ്യവേട്ടക്കവൻ മന്നിലൊന്നാമനായ്
മുദ്രവാങ്ങിക്കമാറത്രയും കേമനാം.

ചൂഷണം ചെയ്യുന്ന മത്സ്യകീടങ്ങളെ
ചൂണ്ടയിൽ കോർക്കുവാനെത്രയും വിക്രമൻ.

പൊയ്കയിൽ നഞ്ചിട്ടു കുത്തികലക്കുവാൻ
വൈകാതെയദ്ദേഹമിങ്ങോട്ടു പോരുകിൽ

സംശയമെന്നിയേ സംഗതി സർവ്വവും
സർവ്വഥാ ശോഭനമായ് വരും മോഹിനീ.

നഞ്ചിന്റെ വീർയ്യം പരക്കുന്ന മാത്രയിൽ
തഞ്ചങ്ങളൊക്കെയും മാറുമിപ്പൊയ്കയിൽ.

പിട്ടുകൾ പററാതെ മീനുകൾ കൂട്ടമായ്
പെട്ടുപോം കാലന്റെയുഗ്രമാം വീശലിൽ.

ദ്രോഹികളേവരും ചത്തുമലയ്ക്കുമേ
മോഹിച്ച കാർയ്യങ്ങൾ കിട്ടും നമുക്കുമേ.

തണ്ടുകൂട്ടുന്നൊരീ കോമളത്താമര—
ത്താരുകളത്രയും താഴ്ത്തണം പൂഴിയിൽ.

കശ്മലൻ വണ്ടിനെ നേരിട്ടു ചെന്നു നാം
കണ്ണുരുട്ടിപ്പുറപ്പിച്ചു പായിക്കണം.

ആനന്ദമോടു നാം കാണണം വിഡ്ഢിക—
ളാർത്തരായ് ശ്വാസം വലിക്കുന്ന നാടകം.

(നതോന്നത)

പരിപാടിയിത്തരത്തിൽ കേട്ടനേരം പൊന്മണിക്കു
പരിഭ്രമമകതാരിൽ നിറഞ്ഞു പോയി.

"അരുതരുതിതു തീരെക്കൊള്ളുകില്ല, വേണ്ടവേണ്ടാ
തെരുതെരെ പ്രതിഷേധം തുടങ്ങിയവൾ.

തെററുതന്നെ, നമ്മുടെയീപ്പൊയ്ക വല്ലവേടനും ന
മൊററു കൊട്ടത്തിതുപോലെ പക വീട്ടിയാൽ.

നഞ്ചുകുത്തികലക്കിയാൽ മീനമ്മമാരുടെയെല്ലാം—
പ്പിഞ്ചുകുഞ്ഞുങ്ങളും ചത്തു തുലഞ്ഞുപോകും.

ഒരുത്തർക്കുമില്ലാതെയായ് നശിക്കുമിപ്പാപം കൂടി
വെറുതെ വലിച്ചു നമ്മളെന്തിനു വയ്ക്കൂ.

ക്രൂരമായ സമ്പ്രദായം നമ്മളെപ്പോലുള്ളവർക്ക്
ചേരുമെന്നു മമനാഥൻ നിനച്ചിടൊല്ലേ.

മാത്രമല്ലീ വേടനത്രമാന്യനുമ,ല്ലവൻ ചെയ്യും
സൂത്രമെല്ലാം കടുംകൈകൾ നിറഞ്ഞതത്രേ.

നമുക്കൊരു ഗുണം ചെയ്യാൻ വരികയാണവനെന്നു
നിനയ്ക്കുവാൻ ന്യായം കാണുന്നില്ലൊരെല്ലും ഞാൻ

പറവയെപ്പിടിക്കാനും വലകളുണ്ടവനെന്നു
പറയുന്നു ചിലർ—അതു സത്യവുമാകാം.

പശക്കൂട്ടും കെണികളുംകൊണ്ടു നമ്മെക്കുടുക്കുന്ന
പണിയുമുണ്ടവനെന്നു വാർത്തകൾ കേൾപ്പു.

പക്ഷികളെത്തൊലിയുരിഞ്ഞെണ്ണയിൽ വറുത്തു ദുഷ്ടൻ
ഭക്ഷിക്കുന്നതോർത്തിടുമ്പോൾ പേടിയാകുന്നു.

അവൻ പാർക്കും കുടിലിന്റെപുറകിൽ നിറഞ്ഞുപോലു—
മവയുടെ യെല്ലും കാലും തൂവലുംതന്നെ.

ഒരുനാളുമിവനോടു മമത വേണ്ടെന്റെ നാഥാ,
മറുവഴി വല്ലതും നാം തേടിയാൽപോരും.”

(കാകളി)

പൊന്മണിയീവിധം ന്യായം പറകിലും
തൻമനോ വല്ലഭനില്ലൊരു ഭേദവും.
കണ്ണുകൾ കോപം നിമിത്തം ചുവന്നയാൾ
പിന്നെയും വാദം തുടരുന്നതിങ്ങനെ:-
"നീതിയും ന്യായവും ധാര കോരേണ്ടനീ,
യീവകമേലിൽ ഞാൻ കേൾക്കകില്ലേതുമേ.
ഓമനക്കുഞ്ഞു പൊന്മകളെപ്പോററുവാൻ
ഭൂമിയിൽ മററൊരു പോംവഴിയില്ലിനി.
കത്തും വിശപ്പിനെ വർണ്ണനം ചെയ്യുവാൻ
നിത്യവും വായ് പിളർന്നീടും കിടാങ്ങളെ
നീതിഗാനങ്ങൾ നീ പാടിയുറക്കുമോ,
നീയിനിച്ചൊല്ലേണ്ട യാതൊരു വേദവും;
മന്നിലെ ജീവികൾക്കൊപ്പമായ് കിട്ടണം
മൽസ്യവും ധാന്യവും മററു വസ്തുക്കളും;
പുല്ലുതിന്നും ചിലർ, വെണ്ണയുണ്ണും ചില-
രില്ലിതിൽ യാതൊരു നീതിയും ന്യായവും.
നിന്നോടുകാര്യം തുറന്നുപറകയാ-
ലിന്നിതാ ശുദ്ധമേ വിഡ്ഢിയായ് തീർന്നൊൻ."

(കോക)

ഇരിക്കുന്നില്ലാ പൊന്മാൻ പിന്നെയാ മരക്കൊമ്പിൽ,
പറക്കുന്നിതാ വേഗം കൊക്കിനെ കാണാനായി.

ആഴമേറീടും നോട്ടംകൂട്ടമാ മഹാവിദ്വാൻ
വാഴ്കയാണൊരു മൂലതന്നിലായ് ക്കുനിക്കൂടി.

ഏതിനും തത്വം ചൊല്ലും ചിന്തകൻ പൊന്മാനുള്ള
വാദവും കൈക്കൊള്ളാതെയിരിപ്പാൻ വഴിയില്ല.

ആ 'മനോരാജ്യം' കേൾക്കെയെത്രയും പ്രസാദിച്ച്',
'ഹാ! മനോഹര' മെന്നു താത്വികൻ ശരിവച്ചു.

സംശയം വേണ്ടാ തെല്ലും; ശോഭനമാകും ഭാവി
സുപ്രഭ ചൊരിഞ്ഞിങ്ങു വന്നടൻ കരേറീടും.

നല്ലതുതന്നെ, പൊന്മാൻ; ജയിക്കൂ ഭവാൻ; പോകൂ
തെല്ലുമേ മടിക്കൊല്ലേ നേതാവായിറങ്ങൂ നീ.

ചൂടെഴും നെട്ടുവീട്ടിൽ മുങ്ങുവോർക്കെല്ലാം ശീതം
ചൂഴവോരരുവിയായ് നീയെന്നുമൊഴുകേണം.

വീണവായനകേട്ടു കുബേരൻ രസിക്കുമ്പോൾ
പ്രാണവേദനയോടേ ദരിദ്രൻ കിതയ്ക്കുന്നു.

ഇരുട്ടിൽ കേഴും നിൻ്റെയീ സഹോദരർക്കെല്ലാം
ഒരു ദീപമായ് ചുറ്റും പൊഴിക്കൂ പ്രഭാപൂരം.

ത്യാഗജീവിതത്തിൻ്റെ ശോഭയിൽപ്പൊങ്ങിപ്പൊങ്ങി
ന്യായമാം പദവികൾ നേടി നീ ജയിച്ചാലും."

(നതോന്നത)

നയമേറും കൊക്കുമുഖ്യൻപുതിയ നേതാവിനേവം
'ജയവിളി' ലോഭമെന്യേയരുളിനില്ക്കേ,
അടുത്തുള്ള കുററിക്കാട്ടിൽനിന്നുമൊരു കുളക്കോഴി
തിടുക്കമോടവിടേക്കു നടന്നുവന്നു.
അക്രമരാഹിത്യമയാൾ പ്രസംഗിച്ചതല്പംപോലും
വിക്രമന്മാർ രണ്ടുപേർക്കും രസിച്ചുമില്ല.

(മാവേലി.)

"അക്രമംചെയ്‌വതു നല്ലതല്ലെ-
ന്നോർക്കണം നിങ്ങളെൻ കൂട്ടുകാരേ.
വഞ്ചനയല്ലയോ മീൻകുളത്തിൽ
നഞ്ചുകലക്കിയാ ലിത്തരത്തിൽ?
ചെറിയമീൻ മുഴുവനും ചത്തുപോകും,
വലിയമീൻ വേടനുംകൈക്കലാകും.
ഇത്തരം മത്സ്യവും തീർന്നുപോയാ-
ലിതുവെറും ചെളിനിലം മാത്രമാകും.
കരുണയില്ലാതിവ ചെയ്യുവെന്നാൽ
പെരുകിടും ദുരിതമെന്നോർത്തുകൊള്ളൂ."
ഏകാന്തവാസിയാം കോഴിയേവ-
മേകുന്ന സാരോപദേശവാക്യം.

കൊക്കിനുകോപം ജ്വലിച്ചപാരം,
വാക്കുകളീവിധം കേട്ടനേരം.

"മതിമതി യിത്തരംവാദമെല്ലാം
ചതിപൊതിഞ്ഞീടുവാനുള്ള സൂത്രം.
വലിയമീൻവേടൻെറ കൈയിലായാൽ
വരുമൊരു ശാന്തതയിക്കുളത്തിൽ.
ചെറിയമീൻ പൊങ്ങിവരുന്നനേരം
വയറുനിറച്ചു നമുക്കുതിന്നാം.
കുറയുകയില്ലതു കൊണ്ടുമത്സ്യം;
നിറയുമീമീൻകുളം മെല്ലെവീണ്ടും
വളരെനാൾ പഞ്ഞംകിടന്ന നമ്മൾ
വരികയാണിന്നു നമുക്കുഭാഗ്യം.
ആകയാൽ സംശയംവേണ്ട, പൊന്മാൻ
പോകുന്നീ, കാലനെക്കൊണ്ടുപോരൂ."
കൊക്കിൻെറ വാക്കുകൾ തീൎന്നനേരം
കോഴി പറഞ്ഞുതുടങ്ങിവീണ്ടും:—

(നതോന്നത)

"നിലവിട്ട മോഹംമൂലം വലുതായവിപത്തുകൾ
വിലകൊടുത്തല്ലോ നിങ്ങൾ വാങ്ങി വയ്ക്കുന്നു.
കുറച്ചു നാൾ മുമ്പൊരിക്കൽ നടന്നൊരു സംഭവം ഞാൻ
പറയുന്നു, ദയവായികേൾക്കണം നിങ്ങൾ.

‘മഴകോരിച്ചൊരിയുന്നരാത്രികാലം—കററിക്കാട്ട്”
പിഴുതെട്ടുത്തെറിയുമാറലറി കാററും.

കൂരിരുട്ടിൽ പ്പതുങ്ങി ഞാനിരിക്കവേ കാലൊച്ച കേ-
ട്ടാരെന്നതുമറിയാതെ ഭയന്നു പാരം.

„വഴിതെററിവരുന്നൊരു മാടപ്രാവാ,ണെന്നിൽ ഭയ-
പ്പൊഴിയണം” മെന്നമൊഴികേട്ടു ഞാൻ പിന്നെ.

കനിവോടെ യിരിപ്പിടം കൊടുത്തപ്പോൾ പഞ്ചപാവം
കരഞ്ഞുകൊണ്ടതിനേറെ നന്ദിയും ചൊല്ലി.

‘എന്തുപററിവഴിതെററാൻ—ഒരു ചോദ്യമെറിഞ്ഞു ഞാൻ
സന്തപിച്ചു വലഞ്ഞീട്ടുമവൻെറമുന്നിൽ.

നെടുവീർപ്പും കരച്ചിലും തിങ്ങിവിങ്ങിത്തൻ ചരിത്രം
തുടങ്ങിനാൻ പ്രാവു—ഞാനോമിഴിച്ചു കേട്ടു.

ചുരുക്കിഞാനതു ചൊല്ലാം—അവനൊരു മാമരത്തിൽ
പരമ സൌഭാഗ്യമോടെ വസിച്ചിരുന്നു.

കഷ്ടതകൾ വന്നുചേരും നേരമാരു മറിവീല;
ദുഷ്ടതക്കു രംഗമല്ലോലോകമെപ്പോഴും.

കാലനെന്നു പറയുമീഘോരനായ രാക്ഷസൻെറ
ചാരനൊരു പ്രാപ്പിടിയനവിടെയെത്തി.

ചിറകടി കേട്ടു വേഗം ചിതറിപ്പോയ് നാലുപാടും
പറവകൾ—പിടികൂടിയവനെ മാത്രം.

ണൊക്കിയും ഞെരുക്കിയുമാ സാധുവിനെ സ്വാമിയാകും
കംശന്റെ കരങ്ങളിൽ കൊടുത്തു ചാരൻ.

ചിരിച്ചു കൊണ്ടവൻ വാങ്ങിക്കൂട്ടിനകത്തിട്ടടച്ചു,
തരംപോലെ ഭുജിക്കുവാൻ കരുതിത്തന്നെ.

വില്ലുമമ്പുംകൊണ്ടു ദുഷ്ടൻ കൊന്നു വീഴ്ത്തും കാട്ടിൽനിന്നും
നല്ല നല്ല പക്ഷികളെ ദിവസം തോറും.

വേട്ടയാടീട്ടൊന്നും കിട്ടാതിരിക്കുന്ന നാളുകളിൽ
കൂട്ടിൽനിന്നും പിടിക്കുന്നു തടവുകാരെ.

കണ്ണുനീർ കുടിച്ചുകൊണ്ടാത്തുറുങ്കിനകം കിടക്കു-
ന്നെണ്ണമില്ലാതെല്ലാം ജാതിപ്പറവകളും.

കഴുത്തെന്നു പിരിക്കുമെന്നുള്ള ഭീതി ഹൃദയത്തിൽ
മുഴുത്തു നമ്മുടെ പ്രാവും കഴിഞ്ഞുവന്നു.

ഘോര ചിന്തിപ്പിടക്കുന്ന കൂട്ടുകാർ തൻ നിലവിളി-
യോരോനാളും കേട്ടു കരൾകലങ്ങിപ്പോയി.

പ്രാപ്പിടിയൻ തുടങ്ങിയ ദുഷ്ടസംഘമിഷ്ടം പോലെ
ശാപ്പാടും കഴിച്ചവിടെ വിഹരിക്കുന്നു.

ചുരുക്കുന്നു കഥനമേ ഞങ്ങളെന്നയോ മാടപ്രാവാ-
യിരുട്ടറകളിൽ നിന്നും രക്ഷപ്രാപിച്ചു.

കൂട്ടിലെത്താൻ പറക്കവേ കൊടുങ്കാറ്റു വന്നു, പിന്നെ-
ക്കാട്ടിൽ ച്ചുറ്റിക്കറങ്ങിയെൻ വീട്ടിലും വന്നു.’’

സംഭവമിതാണേ; നിങ്ങളിതിൽ നിന്നൊരു സത്യം
സംഗ്രഹിപ്പാൻ സ്വല്പമൊന്നു കരുതീടേണം.

(ഗുണമേഘം)

ഇതുപോലെ ദുഷ്ടനാം വേടനുമാ-
യിടപാടു നമ്മൾക്കു യുക്തമാണോ?

മുൻവിധിയൊക്കെയും മാററി നിങ്ങ-
ളിന്നൊരു തീർമാനം ചെയ്തിടേണം.''

പൊന്മാനു തീരെ മനസ്സിടിഞ്ഞു
കണ്ണിലെ ശോഭയും മങ്ങി വന്നു.

പൊന്മണിച്ചൊന്നതും ചിന്തചെയ്തു,
തിന്മവേണ്ടെന്നു കരുതിനിന്നു.

(ഗാഥ)

വഞ്ചകൻ കൊക്കിനു മാത്രമൊരല്പവും
ചഞ്ചലഭാവമില്ലൊന്നു കൊണ്ടും.

പൊന്മാനു പൊയ്പോയ ധൈര്യം വരുത്തുവാൻ
പിന്നെയീ വാക്കുകൾ കൊക്കു ചൊല്ലി.

(മാവേലി)

പിന്തിരിപ്പൻ കുളക്കോഴിവർഗ്ഗ-
മെന്തിനും ആവതടസ്സമോതും.

കെട്ടുകഥകളീമട്ടിലിവർ
തട്ടിവിട്ടൊരു ക്രൂസലെന്യേ.

എത്രയും മാന്യനാം വേടനേയും
ചിത്രിക്കയാണിവർ ദുഷ്ടനായി.

പ്രാവിനെ റാഞ്ചുന്ന ജോലിചെയ്യും
ജീവികളുണ്ടുവസിപ്പൂപോലും!

ശുദ്ധമേ വ്യാജമാ, ണായതിന്റെ
സത്യവും നിന്നോടു ചൊല്ലിടാം ഞാൻ.

മത്സ്യംപിടിക്കുന്ന പക്ഷികളിൽ
വത്സലഭാവമീ വേടനേറും.

പറവകളിത്തരം ജോലിചെയ്‌വോർ
പലരിപ്പോൾ പാർക്കുന്നു തന്റെകൂടെ.

അവരോടു സഖ്യം പിടിക്കുവാ—
യണയുക വേഗമെൻ മിത്രമേ നീ.

വൻതരം പക്ഷികളെന്നു ചിന്തി—
ച്ചന്തരംഗത്തിൽ ഭയപ്പെടാതെ,

‘‘മീനുള്ള ദിക്കെന്നു കാട്ടുവാനായ്
ഞാനിങ്ങു വന്നെ’’ന്നു ചൊല്ലണം നീ.

പിന്നീടു ചെയ്യുവാനുള്ളതെല്ലാം
പിന്നെ—നീപോവുക ധൈര്യപൂർവ്വം.

(ഗാഥ)

‘‘എന്തുചെയ്യുന്നിനി, യെന്നുടെ കൂട്ടുകാർ
ചിന്തയില്ലാത്തവർ’’—എന്നു മോതി,

പാരം വിഷണ്ണനായ്, പിന്മാറി നില്ക്കുന്നു, *
നേരു ചൊല്ലുന്ന ചങ്ങാതി കോഴി.

---

* സ്പെയിനിൽ സമത്വവാദികളുടെ വിപ്ലവം നടമാടിയ കാലത്തു് ഈ കളക്കോഴിയെപ്പോലെ മാറിനിന്നു സ്വദേശത്തിന്റെ ഭയങ്കരഭാവിയെക്കുറിച്ചു വിലപിക്കുന്നതിനു മാത്രമേ അവിടത്തെ ഗുണവാന്മാരായ ദേശീയ നേതാക്കന്മാർക്കു കഴിഞ്ഞുള്ളു. വിദ്വേഷവിഷം ആ രാജ്യത്തിൽ സർവ്വത്ര കലങ്ങി. നിർദ്ദയന്മാരായ മുതലാളികൾ മാത്രമല്ല, വിപ്ലവത്തെ അനുകൂലിക്കാത്ത നിർദ്ദോഷികളായ അനേകലക്ഷം പൗരന്മാരും നിഷ്ക്കരുണം വധിക്കപ്പെട്ടു. ഇരുപതിനായിരത്തിലധികം പൊതുസ്ഥാപനങ്ങൾ അഗ്നിക്കിരയായി. വിപ്ലവത്തെ എതിർത്ത സകലരുടേയും വസ്തുകൾ നിരീശ്വരഗവൺമെൻറു് കണ്ടുകെട്ടി. എല്ലാവിധത്തിലുമുള്ള അഴിമതികളും നീചകൃത്യങ്ങളും നാട്ടിൽ വിളയാട്ടം ആരംഭിച്ചു. റഷ്യയുടെ കിങ്കരന്മാരായ കരിങ്കാലന്മാരാണു് ഈ പ്രവർത്തനങ്ങളുടെയെല്ലാം ചരടു പിടിച്ചിരുന്നതു്. മോസ്കോയിൽനിന്നു കൊഴുത്ത ശമ്പളം പററിക്കൊണ്ടു് വിപ്ലവം വിതയ്ക്കുകയും വളർത്തുകയും ചെയ്യുന്ന ജോലി നിരന്തരം ചെയ്തുകൊണ്ടിരുന്ന "യൂദാസ്"മാർ അന്നു സ്പെയിനിൽ ധാരാളമുണ്ടായിരുന്നു. ഇക്കൂട്ടർക്കെല്ലാം നല്ല ലാഭമുണ്ടായി. വമ്പിച്ച തുകകൾ വിദേശബാങ്കുകളിൽ നിക്ഷേപിക്കുവാൻ അവർക്കു കഴിഞ്ഞു. അവരുടെ വലയിൽപ്പെട്ടുപോയ ജനസാമാന്യം എല്ലാവിധത്തിലുമുള്ള ദുരിതങ്ങളും സഹിക്കേണ്ടതായിവന്നു. അവരുടെ വിഭവങ്ങളെല്ലാം ചെമ്പടയുടെ നിയന്ത്രണത്തിലായി. അനേകായിരം കുഞ്ഞുങ്ങളെ കപ്പലുകളിൽ കയററി വിദേശങ്ങളിലേക്കു് അയച്ചു. അവരെ നിർബാധമായി നിരീശ്വരത്വം അഭ്യസിപ്പിക്കണം എന്നതായിരുന്നു ഈ കയററുമതിയുടെ ഉദ്ദേശം. ഇങ്ങനെ രക്ഷാവർത്തരോടുള്ള കൂട്ടുകെട്ടുനിമിത്തം അനേകം മാതാപിതാക്കന്മാർക്കു തങ്ങളുടെ വാത്സല്യ സന്താനങ്ങൾ നഷ്ടപ്പെട്ടു. ആ കുഞ്ഞുങ്ങളിൽ ഒരു വലിയ ഭാഗം നാട്ടിൽ ഒരിക്കലും തിരിച്ചെത്തിയില്ല. അവർ വിദേശങ്ങളിലെ നഗരവീഥി

പൊങ്ങിപ്പറക്കുന്ന പൊന്മാൻ;—മിത്രം
പൊക്കുന്നു 'ജെയ്‌വിളി'മേന്മേൽ.

എത്തുന്നു വേടന്റെ വീട്ടിൽ—ചുററും
തത്തുന്ന പക്ഷികൾ മുന്നിൽ.

പൊന്മാന്റെ നേരെയടുത്തു—അവർ
തൻ മൊഴികേട്ടു ഗ്രഹിച്ചു.

നേരിട്ടു കാണ്മാനിറങ്ങി—പൊന്മാൻ
നേർവഴികാട്ടിയുമായി.

പൊയ്കയിൽ വന്നവർ നോക്കി—'പുള്ളി
പൊയ്യല്ല ചൊല്ലി' യെന്നോതി.

മാനത്തിൽ ചുററിക്കറങ്ങി—രണ്ടു
മീനും പിടിച്ചങ്ങുപൊങ്ങി.

വീണ്ടും വരുവാനുരച്ചു—സംഘം
വീട്ടു ലാക്കാക്കിത്തിരിച്ചു.

വേടന്റെ മുമ്പാകെ വച്ചു—മത്സ്യം;
വേണ്ടതുപോലെ നമിച്ചു.

---

കളിൽ നിരാശ്രയരായി പട്ടിണികൊണ്ടു വലഞ്ഞു ചുററിത്തിരിഞ്ഞു കഷ്ടപ്പെടേണ്ടിവന്നു. അവരെക്കുറിച്ചു ദയനീയമായ വിവരങ്ങൾ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അതു വായിച്ചു ചുടുകണ്ണുനീർപൊഴിക്കുന്നതിനു മാത്രമേ കമ്മ്യൂണിസ്റ്റുകാരാൽ വഞ്ചിതരായിപ്പോയ മാതാപിതാക്കൾക്കു സാധിച്ചുള്ളു.

കാലനും കാഴ്ചും ഗ്രഹിച്ചു—നല്ല
കോളെന്നു ചിത്തേ നിനച്ചു.

(മാവേലി.)

മീൻകളും കണ്ടു പിടിക്കുവാനായ്
താനും പറവകളൊത്തിറങ്ങി.

നഞ്ചും വലകളും കൈയിലേന്തി
പിഞ്ചെന്നു മക്കളും മീൻ പിടിക്കാൻ.

പക്ഷികൾ പോകുന്ന ദിക്കു നോക്കി
ലക്ഷ്യത്തിലേവരും ചെന്നു ചേർന്നു.

(ഗാഥ)

ഭീകരവർത്തനം ധീവരവിക്രമൻ
വേഗം തുടങ്ങുന്നു പൊയ്കതന്നിൽ

ചാടിയിറങ്ങിയ,ത്താമരവള്ളികൾ
പാടേ വലിച്ചു പറിച്ചു മാററി,

'കാളകൂടം' കട്ടിയായി കലക്കീട്ടു
കാത്തുനില്ക്കുന്നു മിഴിച്ചു നോക്കി.

പൊയ്കയിൽ വർണ്ണവുംപെട്ടെന്നു മാറുന്നു
പൊന്മാൻ ചാടിക്കുന്നു മോദമോടെ.

(മാവേലി)

നഞ്ചു കലങ്ങവേ മത്സ്യമെല്ലാം
നെഞ്ചു പൊട്ടിപ്പിടഞ്ഞങ്ങുമിങ്ങും

മൂക്കുപൊക്കിപ്പിടിച്ചോട്ടമായി,
മുഴക്കുന്നു വേടൻെറയട്ടഹാസം.

കൊക്കിന്നു മന്ദഹാസം വരുന്നു,
അക്കുളക്കോഴിയും കേണിടുന്നു.

പൊന്മാൻെറ യോമനക്കുഞ്ഞുമക്കൾ
പൊത്തിൽ നിന്നും പുറപ്പെട്ടുവന്ന്,

ഉണ്ണിമീൻ അമ്മ പിടിച്ചിടുമ്പോ-
ളുണ്ണുവാൻ വൻകൊതി പൂണ്ടു നിൽപൂ.

വലിയ മീൻപൊങ്ങി വരുന്നതെല്ലാം
വലയിൽപ്പെടുത്തുന്നു മത്സ്യവേടൻ.

കൊച്ചുമീൻ കണ്ണു മിഴിച്ചിടുമ്പോൾ
കൊത്തി വിഴുങ്ങുന്നു കൊക്കുമുഖ്യൻ.

പൊന്മാനു മൊന്നിനെ ച്ചുണ്ടിലാക്കി-
ത്തിന്മാൻ തുടങ്ങുന്നു മന്ദമന്ദം.

ചിറകടി, മൂളലും വാനിലിപ്പോൾ
നിറയുന്നു, കാരണമെന്തിതാവോ?

കരിനിഴൽ വീഴുന്നു താഴെയാപ-
ത്തരികിലായെന്നൊരു സൂചനപോൽ.

(ഗാഥ)

പൊയ്കയിൽ നഞ്ചു കലക്കിയ സംഗതി
പക്ഷികളോരോ പറഞ്ഞറിഞ്ഞ്

ചെങ്കൊടിക്കൂറകൾ പാറുന്ന പോലവേ
ചെമ്പരുന്തിൻ പട വന്നതത്രേ.

കാക്കകൾ, പുള്ളുകൾ പ്രാപ്പിടിയന്മാരും
കാര്യം ഗ്രഹിച്ചിങ്ങു വന്നുകൂടി.

ഒന്നൊഴിയാതെയാ മത്സ്യംമുഴവനും
തിന്നുവാൻ നല്ലൊരുമത്സരമായ്.

'കൊച്ചുമീൻ ഞങ്ങൾക്കു മാത്രമായുള്ളതെ'—
ന്നുച്ചത്തിൽ പൊന്മാൻ ശഠിച്ചുനില്ക്കേ,

പക്ഷികൾക്കൊപ്പമായ് പൊയ്കയിലുള്ളവ
ഭക്ഷിക്കാമെന്നവർ കൂകിടുന്നു.

(ഗുണമേറും—മാവേലി)

പലതരം പറവയെ കണ്ടുറക്കെ
നിലവിളിക്കൂട്ടുന്നുപൊൻകിടാങ്ങൾ.

"മീനിലും സ്വാദു കൂടുന്നതല്ലേ
പൊന്മാൻെറ കുഞ്ഞുങ്ങ"ളെന്നു മൂളി

ക്രൂരനാം ചെമ്പരുന്തിൻ പ്രമാണി
കൂരമ്പു പോലങ്ങു പാഞ്ഞുവന്ന്

റാഞ്ചുന്നു കൊച്ചരിവാളു വീശി—
പ്പിഞ്ചുകുഞ്ഞുങ്ങളെ രണ്ടിനേയും

നിലവിളി കിനുകിനെ കേൾപ്പൂ വാനിൽ—
നിറയട്ടെ ചെമ്പരുന്തിൻെറ കുക്ഷി.

പെട്ടെന്നൊരിടി മിന്നലേറ്റപോലെ
പൊന്മണിയമ്മ മറിഞ്ഞുവീഴ്വൂ.

ശങ്കയില്ലാതെയിരുന്ന പൊന്മാൻ
ചങ്കുതകർന്നിവ കണ്ടുനില്പൂ.

പിന്നെയും ചിന്തയിൽ മുങ്ങി മുങ്ങി–
കണ്ണുചിമ്മുന്നൊരു കൊക്കവീരൻ,
‘പന്തിയല്ലെന്നു’ പറഞ്ഞുമന്ദം
പിന്മാറിയങ്ങൊരു കോണിലേക്കായ്

പെട്ടെന്നു വഞ്ചകൻ കാൽപിഴച്ചു
പെട്ടുപോയ് വല്ലാത്ത ദുർഘടത്തിൽ.

കാലന്റെ യോമനക്കുട്ടനൊരു
കൊക്കിനെ നേടണമെന്നുറച്ച്,


മുക്കിലും വക്കിലും വച്ചിരുന്ന
തക്ക സൂത്രങ്ങ,ളുതാരറിഞ്ഞു!

കൊക്കിൻ പരാക്രമം കണ്ടു കുട്ടൻ
ഞെക്കിപ്പിടിച്ചു കഴുത്തു നന്നായ്.

കാലിട്ടടിച്ചു കരഞ്ഞു, ‘കരി–
ങ്കാലൻ’ മിഴിച്ചിതു രണ്ടുകണ്ണും.

നാടകമാകവേ കണ്ടു നന്നേ
ഖേദമോടപ്പൊഴും നിന്നിരുന്ന

മന്ദൻ കുളക്കോഴി ദൂരെമാറി;–
ചങ്ങാതി ചൊല്ലിയൊടുവിലേവം:–
“അന്നു ഞാനെത്രമാത്രം പറഞ്ഞു
നന്നല്ല നമ്മു കലഹമെന്നു്;
അന്നവരെന്നെ നിന്ദിച്ചു, കഷ്ടം!
ഇന്നിനി കേഴുകിലെന്തു ലാഭം!!”



# കാട്ടിലെ സ്വർഗ്ഗം.

(തോമ്മസ് പള്ളിമംഗലം)

(വികസിപ്പിച്ച മൂന്നാം പതിപ്പ്)

കാന്താര തന്ത്രപ്രവീണനായ രാജശ്രീ ജംബുകൻ മുതലായ നേതാക്കന്മാരുടെ പ്രസംഗങ്ങളും, ശ്രീമതി സൂഗാല കോകിലം, അശ്വകുമാരി, അജബാലിക തുടങ്ങിയവരുടെ സംഗീതങ്ങളും, ശ്രീമാൻ കഴുതയുടെ കഥാപ്രസംഗവും ഒത്തിണങ്ങിയ ഒരു "മീററിംഗ് നാടക"മാണ് "കാട്ടിലെ സ്വർഗ്ഗം." ചിത്രങ്ങളും ധാരാളം.


മിഷൻ ലീഗ് ബുക്കസ്റ്റാൾ,

സെയിൻറ് തോമ്മസ് ഹൈസ്കൂൾ,

പാലാ.